**കേരള സർക്കാർ**

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - കളമശ്ശേരി നഗരസഭ – ശുചീകരണ പ്രവർത്തിയുമായി നിയമിച്ച 25 തൊഴിലാളികളുടെ സേവനകാലാവധി ദിവസവേതനാടിസ്ഥാനത്തിൽ ആറു മാസത്തേയ്ക്ക് കൂടി ദീർഘിപ്പിച്ചുകൊണ്ട്- ഉത്തരവ് പുറപ്പെടുവിക്കുന്നു.

===================================================================

**തദ്ദേശ സ്വയംഭരണ (ഇ.യു) വകുപ്പ്**

സ.ഉ.(സാധാ) നം. 343/2017/തസ്വഭവ തിരുവനന്തപുരം, തീയതി : 06/02/2017

പരാമർശം :
1) 09/02/2016 സ.ഉ.(സാധാ) നം.532/2016/തസ്വഭവ.
2) 03/08/2016 ലെ സ.ഉ.(സാധാ) നം.2342/2016/തസ്വഭവ.
3) കളമശ്ശേരി നഗരസഭാ കൗൺസിലിന്റെ 22/12/2016 ലെ 11-ാം നമ്പർ തീരുമാനം.
4) കളമശ്ശേരി നഗരസഭാ ചെയർപേഴ്സണന്റെ 05/02/2017 ലെ എച്ച്-7039/13 നമ്പർ കത്ത്.

**ഉത്തരവ്**

കളമശ്ശേരി നഗരസഭയിൽ ശുചീകരണ പ്രവർത്തനം നടത്തുന്നതിനായി പരാമർശം (1) പ്രകാരം 25 ശുചീകരണ തൊഴിലാളികളെ 6 മാസക്കാലത്തേയ്ക്ക് താൽക്കാലികമായി ദിവസവേതനാടിസ്ഥാനത്തിൽ നിയമിക്കുന്നതിന് അനുമതി നൽകി ഉത്തരവായിരുന്നു. രണ്ടാമത് പരാമർശിച്ച ഉത്തരവ് പ്രകാരം 01/08/2016 മുതൽ 179 ദിവസത്തേയ്ക്ക് ദീർഘിപ്പിച്ച് ഉത്തരവ് നൽകിയിരുന്നു. പ്രസ്തുത സർക്കാർ ഉത്തരവിന്റെ കാലാവധി 31/01/2017 ൽ അവസാനിക്കുന്ന സാഹചര്യത്തിൽ 01/02/2017 മുതൽ നിലവിലുള്ള ഉത്തരവ് ഒരു വർഷക്കാലത്തേയ്ക്ക് നീട്ടി നൽകണമെന്ന് പരാമർശം (3) ലെ കൗൺസിൽ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ പരാമർശം (4) പ്രകാരം നഗരസഭാ ചെയർപേഴ്സൺ അഭ്യർത്ഥിച്ചിരിക്കുന്നു.

2. സർക്കാർ ഇക്കാര്യം 26/02/2016 ലെ G.O(P) No.28/2016/Fin. നമ്പർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ വിശദമായി പരിശോധിച്ചു. നഗരസഭാ കൗൺസിലിന്റെ തീരുമാനവും നഗരസഭാ

ചെയർപേഴ്സണന്റെ കത്തും പരിഗണിച്ച് കളമശ്ശേരി നഗരസഭയിൽ ശുചീകരണ പ്രവർത്തനങ്ങൾക്കായി ഒന്നാമത് പരാമർശിച്ച ഉത്തരവ് പ്രകാരം നിയമിച്ചതും രണ്ടാമത് പരാമർശിച്ച ഉത്തരവ് പ്രകാരം ദീർഘിപ്പിച്ചു നൽകി താൽക്കാലികമായി നിയമിച്ച 25 ശുചീകരണ തൊഴിലാളികളുടെ സേവനകാലാവധി 31/01/2017 ൽ അവസാനിച്ചതിനാൽ, 26/02/2016 ലെ ജി.ഒ.(പി) നം. 28/2016/ഫിൻ പ്രകാരം, 01/02/2017 മുതൽ 179 ദിവസത്തേയ്ക്ക് കൂടി ദിവസവേതനാടിസ്ഥാനത്തിൽ ദീർഘിപ്പിച്ചുകൊണ്ട് ഉത്തരവാകുന്നു.

3. മേൽപ്പറഞ്ഞതിനാവശ്യമായ ചെലവ് നഗരസഭയുടെ തനത് ഫണ്ടിൽ നിന്നും വഹിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**അബുൽ കലാം.എം.**
അണ്ടർ സെക്രട്ടറി

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
സെക്രട്ടറി, കളമശ്ശേരി നഗരസഭ
ചെയർപേഴ്സൺ, കളമശ്ശേരി നഗരസഭ
ഡയറക്ടർ, ലോക്കൽ ഫണ്ട് ഓഡിറ്റ്, തിരുവനന്തപുരം
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
(ഈ ഉത്തരവ് വെബ് സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിനായി)
കരുതൽ ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ